ഉത്തരം

(എ) തിരുവനന്തപുരത്ത് കാഞ്ഞിരംപാറ തച്ചക്കരയിൽ കിള്ളിയാറിന്റെ ബണ്ട് പൊട്ടിയതുമൂലം ഉണ്ടായ നാശനഷ്ടം വിലയിരുത്തിയതിൽ പ്രസ്തുത ഭാഗത്ത് ഫ്ളഡ് ബണ്ടിന് കരിങ്കൽ ഭിത്തി കെട്ടി സംരക്ഷിക്കുന്നതിന് ഏകദേശം 12 ലക്ഷം രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു.

(ബി) പൊട്ടിയ ബണ്ട് അടിയന്തരമായി പുനർ നിർമ്മിക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) ബണ്ടിന്റെ ബലക്ഷയത്തെപ്പറ്റി പരിശോധിച്ച് യുക്തമായ നടപടി സ്വീകരിക്കുന്നതാണ്.

കുടിവെള്ളത്തിന്റെ ഉപയോഗത്തെപ്പറ്റി പഠനം

47 (2145) ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷിയിടങ്ങളിൽ എൻഡോസൾഫാൻ പോലുള്ള മാരക കീടനാശിനികൾ ഉപയോഗിക്കുന്നതിന്റെ പശ്ചാത്തലത്തിൽ കേരളത്തിലെ 44 നദികളിലേയും കുടിവെള്ളത്തിന്റെയും ഉപയോഗത്തെപ്പറ്റി പഠനം നടത്തുമോ ;

(ബി) അതിനുള്ള നടപടികൾ കാലവിളംബം കൂടാതെ സ്വീകരിക്കുമോ :

(സി) വർഷങ്ങൾക്കു മുമ്പ് പണിതീർത്ത ഭാഗത്തു മരങ്ങൾ മുളച്ചും മണ്ണിടിഞ്ഞും കിടക്കുന്ന ഭാഗങ്ങൾ വെടിപ്പാക്കുവാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) കേരളത്തിലെ 44 നദികളിലേയും വെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് വേണ്ടി കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടുകൂടിയുള്ള ഒരു പഠനത്തിന് സംസ്ഥാനതല കമ്മിറ്റി അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത പഠനം നടത്തുന്നതിലേയ്ക്കായി വാട്ടർ അതോറിറ്റിയുടെ കീഴിൽ നെടുമ്പിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് റഫറൽ ഇൻസ്റ്റിറ്റ്യൂട്ടിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പഠനത്തിന്റെ പ്രാരംഭ പ്രവൃത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

സി.എൽ.ആർ., എസ്.എൽ.ആർ. ജീവനക്കാർക്ക് പെൻഷൻ

48 (2146) ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1990-ൽ റഗുലറൈസ് ചെയ്ത സി.എൽ.ആർ., എസ്.എൽ.ആർ. ജീവനക്കാർക്ക് പെൻഷൻ നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഗ്രേഡ് കിട്ടുന്നതിന് അടിസ്ഥാനമായി സ്വീകരിച്ച സി.എൽ.ആർ. സർവ്വീസുകൂടി പരിഗണിച്ച് പെൻഷൻ നൽകുന്നതിന് നടപടികൾ സ്വീകരിക്കുന്നതിന് സന്നദ്ധമാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly